| പതിനാലാം കേരള നിയമസഭ | |
|---|---|
| നാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3718 | 14.03.2017 -ൽ മറുപടിയ്ക്ക് |

**ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട്ഓഫീസർ (സി.ഡി.പി.ഒ.) മാരുടെ നിയമനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾഖാദർ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) | സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ.) മാരുടെ പി.എസ്.സി ലിസ്റ്റ് നിലവിൽ വന്നത് എന്നായിരുന്നുവെന്ന് അറിയാമോ? വിശദവിവരം ലഭ്യമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിൽ സി.ഡി.പി.ഒ. മാരുടെ പി.എസ്.സി ലിസ്റ്റ് നിലവിൽ വന്നത് 04.08.2015 തീയതിയിലാണ്. |
| (ബി) | ലിസ്റ്റ് വന്നതിനുശേഷം എത്ര സി.ഡി.പി.ഒ. മാരുടെ നിയമനം നടത്തിയെന്നും അതിൽ എത്രപേർ പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ; | (ബി) | 04.08.2015 തീയതിയിലെ ശിശു വികസന പദ്ധതി ഓഫീസറുടെ പി.എസ്.സി ലിസ്റ്റ് വന്നതിനുശേഷം 101 പേരെ സി.ഡി.പി.ഒ മാരായി നാളിതുവരെ നിയമിച്ചിട്ടുണ്ട്. അതിൽ 46 പേർ പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | 2016 മെയ് 26 ന ശേഷം എത്ര പേർക്ക് പ്രൊമോഷനിലൂടെ സി.ഡി.പി.ഒ നിയമനം നൽകിയെന്നും, എത്രപേരെ പി,എസ്.സി വഴി നിയമിച്ചുവെന്നും പ്രത്യേകം കണക്ക് ലഭ്യമാക്കുമോ ; | (സി) | 2016 മെയ് 26 ന ശേഷം ഉദ്യോഗക്കയറ്റം മുഖേന 38 പേർക്ക് സി.ഡി.പി.ഒ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി ലിസ്റ്റ് മുഖേന സി.ഡി.പി.ഒ തസ്തികയിൽ 9 പേരെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ എത്ര സി.ഡി.പി.ഒ മാർക്ക് വർക്ക് അറേഞ്ച്മെന്റും ഡെപ്യൂട്ടേഷനും നൽകിയിട്ടുണ്ടെന്നും അവർ എത്ര നാളായി ഈ അവസ്ഥയിൽ തുടരുന്നുവെന്നും വ്യക്തമാക്കുമോ; | (ഡി) | സി.ഡി.പി.ഒ തസ്തികയിൽ 16.12.2016 മുതൽ ഒരാൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മറ്റൊരാൾ 01.03.2016 മുതൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും സേവനമനുഷ്ഠിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | സി.ഡി.പി.ഒ മാർ ഇല്ലാത്ത സ്ഥലങ്ങളിൽ എത്ര സൂപ്പർവൈസർ മാർക്കും തൊട്ടടുത്ത സി.ഡി,പി.ഒ. മാർക്കും ചാർജ്ജ് നൽകിയിട്ടുണ്ട്; | (ഇ) | നിലവിൽ സി.ഡി.പി.ഒ മാർ ഇല്ലാത്ത സ്ഥലങ്ങളിൽ 6 പ്രോജക്ടുകളിൽ സൂപ്പർവൈസർ/തൊട്ടടുത്ത സി.ഡി.പി.ഒ. മാർക്ക് ചാർജ്ജ് നൽകിയിട്ടുണ്ട്. |
| (എഫ്) | നിലവിലെ ഒഴിവ് എത്രയാണ്; ഒഴിവ് നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (എഫ്) | നിലവിൽ സി.ഡി.പി.ഒ മാരുടെ 5 ഒഴിവുകൾ ഉണ്ട്. ആയതിൽ 4 ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേനയും 1 ഒഴിവ് പി.എസ്.സി മുഖേന നേരിട്ടും നിയമിക്കേണ്ടതാണ്. 2017 ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടുന്ന ടി 4 ഒഴിവുകൾ നികത്തുന്നതാണ്. പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവും നികത്തുന്നതാണ്. |
| (ജി) | പി.എസ്.സി റാങ്ക് ലിസ്റ്റ് വന്നതിനു ശേഷം നിയമന വ്യവസ്ഥകൾ പാലിക്കാതെ അനധികൃത പ്രൊമോഷനിലൂടെ നിയമനം നടത്തിയതുമൂലം റാങ്ക് ഹോൾഡേഴ്സിന് ലഭിക്കേണ്ടിയിരുന്ന അവസരം നഷ്ടപ്പെടാനിടയായത് പരിശോധിച്ചിട്ടുണ്ടോ? എങ്കിൽ നിയമവിരുദ്ധമായി നടത്തിയ പ്രസ്തുത നിയമനങ്ങളെ സംബന്ധിച്ച് സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള മുഴുവൻ ഒഴിവുകളിലും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി 4:1 എന്ന വ്യവസ്ഥയിൽ റേഷ്യോ നിലനിർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ജി) | സാമൂഹ്യനീതി വകുപ്പിൽ സി.ഡി.പി.ഒ തസ്തികയിൽ നിയമന വ്യവസ്ഥകൾ പാലിക്കാതെ അനധികൃത ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തിയിട്ടില്ല. ഇതിനാൽ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന് അവസരം നഷ്ടപ്പെട്ടിട്ടില്ല. സി.ഡി.പി.ഒ തസ്തികയിലേയ്ക്ക് 2010 ലെ സ്പെഷ്യൽ റൂൾ പ്രകാരം 1:4 അനുപാതത്തിൽ ഉദ്യോഗക്കയറ്റം മുഖേനയുള്ള നിയമനവും നേരിട്ടുള്ള നിയമനവും തുടർന്നു വരുന്നു. വകുപ്പിലെ വിശേഷാൽ ചട്ടത്തിൽ നിശ്ചയിച്ചിട്ടുള്ള അനുപാതം നിലനിർത്തി തന്നെയാണ് നിയമന നടപടികൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ